"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭരണഘടനാ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള കലാപ്രദർശനം 'പൗരധ്വനി' ക്കായി, സാമൂഹിക സാക്ഷരതക്കായി നീക്കിവെച്ചിട്ടുള്ള തുകയിൽ നിന്നും 3.00 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

G.O.(Rt) No.1059/2026/LSGD തീയതി,തിരുവനന്തപുരം, 26-05-2026

---

പരാമർശം:- കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ 23.06.2025, 02.08.2025 എന്നീ തീയതികളിലെ P1/0274/25/KSLMA നമ്പർ കത്ത്.

**ഉത്തരവ്**

ഇന്ത്യ ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കായതിന്റെ എഴുപത്തഞ്ചാം വാർഷകത്തിനോടനുബന്ധിച്ച് ഭരണഘടനയുടെ മൂല്യങ്ങളും പ്രാധാന്യവും ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 2025 ജനുവരി 26 ന് "We the people of India" എന്ന പേരിൽ വിവിധ കലാപരിപാടികൾ കുന്നംകുളം ഞാറ്റുവേല സാംസ്കാരിക സംഘടനയും ഫെയ്സ് സംഘടനയും ചേർന്ന് സംഘടിപ്പിച്ചതിന്റെ തുടർച്ചയായി വിവിധ കലാപ്രദർശനങ്ങൾ സംസ്ഥാനത്തുടനീളം പ്രദർശിപ്പിക്കുവാൻ കേരള സംസ്ഥാന സാക്ഷരതാമിഷനോട് ഞാറ്റുവേല സാംസ്കാരിക സംഘടനാ ഭാരവാഹികൾ അഭ്യർത്ഥിച്ചിരുന്നതായും വിവിധ സാമൂഹിക സാക്ഷരതാപദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്ന കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങളും അധികാരങ്ങളും പരമാവധി ഉപയോഗിക്കുന്ന സ്വതന്ത്രപൗരന്മാരെ രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പദ്ധതിയാണ് പൗരധ്വനി. 2025 - 26 സാമ്പത്തിക വർഷത്തിൽ സാംസ്കാരികസാക്ഷരത, ചരിത്രസാക്ഷരത എന്നീ പദ്ധതികൾക്കായി 30 ലക്ഷവും സാമൂഹിക സാക്ഷരതാപദ്ധതിയ്ക്കായി 40 ലക്ഷവും പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ടെന്നും ഈ പദ്ധതി വിഹിതത്തിൽ നിന്നും ഭരണഘടനാസാക്ഷരതാപ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കുവാൻ പരാമർശപ്രകാരം സാക്ഷരതാമിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണഘടനാ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള കലാപ്രദർശനം 'പൗരധ്വനി' ക്കായി, സാമൂഹിക സാക്ഷരതക്കായി നീക്കിവെച്ചിട്ടുള്ള തുകയിൽ നിന്നും 3.00 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളില്ലെന്ന് ഉറപ്പാക്കിക്കൊണ്ട് പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RASHEEDA S

JOINT SECRETARY

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം
2) ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ, അക്ഷരം, പേട്ട, തിരുവനന്തപുരം
3) ധനകാര്യ (ഡെവ-വിംഗ്) വകുപ്പ്.
4) ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം
6) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 26-05-2026 16:41:03

സെക്ഷൻ ഓഫീസർ